## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 754**

**28.02.2017 -ൽ മറുപടിയ്ക്ക്**

## കൊല്ലമ്പുഴയിൽ ആരംഭിച്ച ബോട്ടിംഗ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കറിനംകുളം ബാക്ക് വാട്ടർ പ്രോജക്റ്റിനോടനുബന്ധിപ്പിച്ച് ആറ്റിങ്ങൽ നഗരസഭയിലെ കൊല്ലമ്പുഴയിൽ ആരംഭിച്ച ബോട്ടിംഗ് പദ്ധതി, നിർമ്മാണത്തിലെ അപാകത നിമിത്തം പ്രയോജനപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ചുമതല ഡി.റ്റി.പി.സി.യ്ക്കോ ടൂറിസം വകുപ്പിനോ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ആയതു പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.പദ്ധതിയുടെ പ്രവർത്തികൾ നിർവ്വഹിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ആണ്. മേൽ പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഡി.റ്റി.പി.സി.കളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ 14 ഡി.റ്റി.പി.സി.കളെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഡി.റ്റി.പി.സി.കളിൽ പ്രൊഫഷണലിസം കൊണ്ടു വരുന്നതിനായി സർക്കാർ ഉത്തരവ് GO(Rt) No. 461/2016/TSM തീയതി 26.12.2016 പ്രകാരം പുതിയ ഡി.റ്റി.പി.സി. സെക്രട്ടറിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (സി) | തിരുവനന്തപുരം ഡി.റ്റി.പി.സി.യിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് അഴിമതിയോ ക്രമക്കേടോ നടന്നതായി പരാതിയുണ്ടോ; സെക്രട്ടറിക്കെതിരായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ഡി.റ്റി.പി.സി യൂണിറ്റുകളിലേക്ക് 1.5 കോടിയ്ക്ക് ബോട്ട് വാങ്ങിയത് ( വിജിലൻസ് വകുപ്പ് സൂചന: QV 6/16/SRT)സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. കൂടാതെ ഓണാഘോഷത്തോടനുബന്ധിച്ച് ശംഖുമുഖത്ത് 2012 ഡിസംബർ മാസത്തിൽ നിർമ്മിച്ച സുനാമി പാർക്ക് ഇടിച്ചു പൊളിച്ച് 'കടലോളം ഓണം' എന്ന പരിപാടി നടത്തിയത് സംബന്ധിച്ച് മുൻ ഡി.റ്റി.പി.സി സെക്രട്ടറി ശ്രീ. ഒ.റ്റി പ്രകാശിന്റെ പേരിൽ |

അന്വേഷണം നടത്തി വരുന്നു. കൂടാതെ ഡി.റ്റി.പി.സിയുടെ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും വന്ന ക്രമക്കേടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ